# കേരള നിയമസഭാ നടപടികൾ

## പത്താം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

2000 മാർച്ച് 8, ബുധൻ

വാല്യം 110] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 14

നിയമസഭ 2000 മാർച്ച് 8-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

### (i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ..... ഓർഡർ ..... (ചോദ്യം നമ്പർ 361)

### സംസ്ഥാനത്തെ റെയിൽവേ വികസന പദ്ധതികൾ

1 (*361) ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. കെ. ബാബു :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീമതി റോസമ്മ ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം റെയിൽവേ വികസന പദ്ധതികളുടെ നിർമ്മാണമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതെന്നറിവുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) എറണാകുളം-ഷൊർണ്ണൂർ ലൈൻ വൈദ്യുതീകരിക്കുന്ന ജോലി ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(സി) കൊല്ലം-തിരുവനന്തപുരം റെയിൽവേപ്പാത ഇരട്ടിപ്പിക്കൽ ജോലി എന്ന് പൂർത്തിയാകുമെന്ന് അറിയിക്കുമോ;

(ഡി) റെയിൽവേ വികസനത്തിനുവേണ്ടി സംസ്ഥാനത്ത് ഏതെല്ലാം പാതയുടെ സർവേ ജോലികളാണ് നടക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) : സർ,

LIBRARY ARCHIVES Kerala Legislative Assembly

(എ) കൊല്ലം-തിരുവനന്തപുരം പാത ഇരട്ടിപ്പിക്കൽ, ഈറോഡ്-എറണാകുളം പാതയുടെ വൈദ്യുതീകരണം, കോഴിക്കോട്-ബാംഗ്ലൂർ പാത ഇരട്ടിപ്പിക്കൽ, ശബരി റെയിൽവേപ്പാതയുടെ സർവേ മുതലായ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

(ബി) 31-3-2000-ൽ പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) 31.3.2000-ൽ പണി പൂർത്തിയാക്കുമെന്നും 15.4.2000-ൽ ഡബിൾ ലൈൻ കമ്മീഷൻ ചെയ്യുമെന്നും പ്രതീക്ഷിക്കുന്നു.

(ഡി) ശബരി റെയിൽവേയുടെ അന്തിമ ഘട്ട സർവേ വർക്കുകൾ, മധുര-കോട്ടയം, തലശ്ശേരി-മൈസൂർ, ഇടപ്പള്ളി-ഗുരുവായൂർ-താനൂർ എന്നീ ലൈനുകളുടെ സർവേ, കായംകുളം-ആലപ്പുഴ-എറണാകുളം, കായംകുളം-കോട്ടയം-എറണാകുളം ലൈനുകളുടെ ഇരട്ടിപ്പിക്കൽ സർവേ എന്നിവയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

ഡോ. എം.എ. കുട്ടപ്പൻ : കേരളത്തിലെ വടക്കേയറ്റമായ കാസർകോഡ് മുതൽ തിരുവനന്തപുരംവരെയുള്ള റെയിൽവേപ്പാത ഇരട്ടിപ്പിക്കുകയാണെങ്കിൽ നമ്മുടെ ഗതാഗതത്തിന് വളരെയേറെ സഹായകമാകും. അതുകൊണ്ട് തെക്കേ അറ്റം മുതൽ വടക്കേ അറ്റംവരെ റയിൽപ്പാത ഇരട്ടിപ്പിക്കൽ എത്ര കാലംകൊണ്ട് പൂർത്തിയാക്കാൻ കഴിയും, അതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ?

ശ്രീ. സി.കെ. നാണു : അതിന് കേന്ദ്ര റെയൽവേ വകുപ്പിന്റെ മുമ്പാകെ സംസ്ഥാന ഗവൺമെന്റ് പരമാവധി സമ്മർദ്ദം ചെലുത്തുന്നതാണ്.

ഡോ. എം.എ. കുട്ടപ്പൻ : എറണാകുളത്തുള്ള വല്ലാർപ്പാടം കണ്ടെയിനർ ട്രാൻഷിപ്മെന്റ് ടെർമിനലിന് ആവശ്യമായിട്ടുള്ള പ്രധാനപ്പെട്ട ഒരു ആവശ്യം എറണാകുളത്തുനിന്ന് വല്ലാർപ്പാടത്തേക്ക് ഒരു റെയിൽവേലൈൻ വേണമെന്നുള്ളതാണ്. അതിന്റെ പരിഗണന ഏത് ലെവലിലാണ്, അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ശ്രീ. സി.കെ. നാണു : അത് പ്രത്യേക ചോദ്യമുണ്ടെങ്കിലേ പറയാൻ കഴിയൂ.

ശ്രീ. കെ. ബാബു : ഇത്തവണത്തെ റെയിൽവേ ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം കേരളത്തിലെ എം.പി.മാർക്കുൾപ്പെടെ കേരളത്തിൽ പൊതുവേയുണ്ടായ പ്രതിഷേധത്തെത്തുടർന്ന് കേന്ദ്ര റെയിൽവേ മന്ത്രി മമതാ ബാനർജി പാർലമെന്റിൽ പറഞ്ഞ ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുകയാണ്. റെയിൽവെ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനു മുമ്പ് മറ്റ് പല സംസ്ഥാനങ്ങളും പ്രീ-ബഡ്ജറ്റ് ഡിസ്ക്കഷൻ നടത്തിയപ്പോൾ പ്രീ ബഡ്ജറ്റ് ഡിസ്ക്കഷൻ നടത്തുന്നതിനോ നിവേദനം നടത്തുന്നതിനോ കേരളാ ഗവൺമെന്റ് തയ്യാറായില്ലെന്ന് കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രി പാർലമെന്റിൽ പറയുകയുണ്ടായി. ഇതിന്റെ യഥാർത്ഥ വസ്തുതയെന്താണ്, എന്നാണ് റെയിൽവേ മന്ത്രിക്ക് നിവേദനം നൽകിയതെന്ന് വ്യക്തമാക്കുമോ?

ശ്രീ. സി.കെ. നാണു : അത് ശരിയല്ല. കേന്ദ്ര റെയിൽവേ മന്ത്രി മമതാ ബാനർജിയെ കേരള മുഖ്യമന്ത്രി 1999 നവംബർ 17-ന് നേരിൽ കണ്ട് സംസ്ഥാനത്തിന്റെ വികസന കാര്യങ്ങളെക്കുറിച്ച് വിശദമായി ചർച്ച നടത്തി. 1999 നവംബർ 14-ന് വിശദമായ കത്ത് കേന്ദ്ര റെയിൽവേ മന്ത്രിക്ക് അയച്ചിരുന്നു. മംഗലാപുരം-ഷൊർണ്ണൂർ റയിൽപ്പാത ഇരട്ടിപ്പിക്കൽ തുടങ്ങിയ കേരളത്തിന്റെ ആവശ്യങ്ങൾ മുഴുവൻ വിശദീകരിച്ചുകൊണ്ട് കേരള മുഖ്യമന്ത്രി റെയിൽവേ

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിക്ക് കത്തയച്ചു. 1999 നവംബർ 26-ന് റെയിൽവേ മന്ത്രി മമതാ ബാനർജിക്ക് വീണ്ടും കത്തയച്ചു. 2000 ജനുവരി 31-ന് മുഖ്യമന്ത്രി വീണ്ടും കത്തെഴുതി. 2000 ഫെബ്രുവരി 24-ന് വീണ്ടും ഈ ആവശ്യങ്ങൾ ഓർമ്മപ്പെടുത്തി കത്തെഴുതി. ഞാൻ പറഞ്ഞത്, ആദ്യം റെയിൽവേ മന്ത്രിയായി ശ്രീമതി മമതാ ബാനർജി ചാർജ്ജെടുത്ത ഉടൻ മുഖ്യമന്ത്രി അവരെകണ്ട് കേരളത്തിന്റെ കാര്യങ്ങളെക്കുറിച്ച് വിശദമായി ചർച്ച ചെയ്തിരുന്നു. അതിനുശേഷം അത് രണ്ട് മൂന്നു പ്രാവശ്യമായി ഓർമ്മിപ്പിച്ചിരുന്നു. ദിവസങ്ങൾ താമസിച്ചുകൊണ്ട്, ഞാൻ ഗതാഗതവകുപ്പുമന്ത്രിയായതിനുശേഷം ഇതുസംബന്ധിച്ച് കേരളത്തിന്റെ റെയിൽവേ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് ഫാക്സ് സന്ദേശം അയച്ചു.

<u>ശ്രീ. കെ. ബാബു</u> : കേരളത്തിലെ റെയിൽവേ വികസനത്തിന് ഒരു പ്രധാനപ്പെട്ട തടസ്സം, എല്ലാ പദ്ധതികളും ഒരുമിച്ച് ആവശ്യപ്പെടുന്നതാണെന്ന് പറയപ്പെടുന്നു. അതിന്റെ യഥാർത്ഥ വസ്തുത എനിക്കറിയില്ല. അതുകൊണ്ട് കേരളത്തിന്റെ റെയിൽവേ വികസനത്തിൽ ഒരു മുൻഗണനാക്രമം തീരുമാനിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുമോ; അതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. സി.കെ. നാണു</u> : അത് പരിശോധിക്കാവുന്നതാണ്.

<u>ശ്രീ. എഴുകോൺ നാരായണൻ</u> : കൊല്ലം-ചെങ്കോട്ട മീറ്റർഗേജ് ബ്രോഡ്ഗേജാക്കി മാറ്റുന്ന പ്രവൃത്തികൾക്ക് കൂടുതൽ പണം അനുവദിച്ച്, ആ ജോലി ത്വരിതപ്പെടുത്തുന്ന കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ?

<u>ശ്രീ. സി.കെ. നാണു</u> : സമ്മർദ്ദം ചെലുത്തുന്നതാണ്.

<u>ശ്രീ. എഴുകോൺ നാരായണൻ</u> : കൊല്ലം-ചെങ്കോട്ട മീറ്റർ ഗേജ് ലൈൻ ബ്രോഡ്ഗേജാക്കി മാറ്റുന്ന പണി കൊല്ലത്തുനിന്നും ചെങ്കോട്ടയിലേയ്ക്കും ചെങ്കോട്ടയിൽനിന്നും കൊല്ലത്തേയ്ക്കും - രണ്ട് സന്ധികളിൽ നിന്നും ആരംഭിച്ച് സംസ്ഥാനത്തിനുള്ളിലെ ജോലി പെട്ടെന്ന് പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. സി.കെ. നാണു</u> : അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ജി. സുധാകരൻ</u> : എറണാകുളം-തിരുവനന്തപുരം റെയിൽവേയുടെയും (കോട്ടയംവഴിയുള്ള) ആലപ്പുഴ-തിരുവനന്തപുരം റെയിൽവേയുടെയും ജംഗ്ഷനായിട്ടുള്ള കായംകുളം ജംഗ്ഷനിൽ സൂപ്പർ ഫാസ്റ്റ് ട്രെയിനുകൾ- കെ.കെ. എക്സ്പ്രസ് ഒഴികെ- ഒന്നും നിറുത്തുന്നില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവിടെ ഇതിനേക്കാൾ പ്രാധാന്യം കുറഞ്ഞ ജംഗ്ഷനുകളിൽ നിർത്തുന്നുണ്ട്. ഈ ജംഗ്ഷനിൽ സൂപ്പർ ഫാസ്റ്റ് ട്രെയിനുകൾ നിറുത്താൻ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. സി.കെ. നാണു</u> : കേരളത്തിലെ പ്രധാനപ്പെട്ട പല റെയിൽവേ സ്റ്റേഷനുകളിലും സൂപ്പർ ഫാസ്റ്റ് ട്രെയിനുകൾ നിറുത്തുന്നില്ലെന്നുള്ളത് സംബന്ധിച്ച ആക്ഷേപങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. കായംകുളവും അത്തരത്തിലുള്ള ഒരു പ്രധാനപ്പെട്ട സ്റ്റേഷനാണ്. അതുകൊണ്ട് ഇത് എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നുള്ളത് പരിശോധിക്കാവുന്നതാണ്.

<u>ശ്രീ. കെ. മുഹമ്മദാലി</u> : കേരളത്തിന്റെ റെയിൽവേ വികസനത്തിന്റെ കാര്യത്തിൽ മുഖ്യപരിഗണന നൽകേണ്ട പദ്ധതികളെക്കുറിച്ച് സംസ്ഥാന



LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന് വ്യക്തത ഉണ്ടാകാറില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം കോട്ടയംവഴിയും ആലപ്പുഴവഴിയുമുള്ള റെയിൽവേ ലൈൻ ഡബിളാക്കുകയെന്നുള്ളതാണ് ഏറ്റവും പ്രധാനമായിട്ടുള്ളത്. അതിന് മുഖ്യ പരിഗണന നൽകി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്ന കാര്യത്തിൽ ഗവൺമെന്റ് ഇനിയും മുന്നോട്ടുപോകുമോ?

ശ്രീ. സി.കെ. നാണു : ബഹുമാനപ്പെട്ട മുഖ്യമന്ത്രി റെയിൽവേ വകുപ്പുമന്ത്രിയുമായി സംസാരിച്ച അവസരത്തിൽ വളരെ പ്രാധാന്യം കൊടുത്തത് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനാണ്. അദ്ദേഹം മംഗലാപുരത്തുനിന്ന് തിരുവനന്തപുരത്തേക്ക് ആലപ്പുഴവഴി ട്രെയിനുകൾ ആരംഭിക്കണമെന്ന് നേരിട്ട് സംസാരിച്ചതിനു പുറമേ രണ്ടുപ്രാവശ്യം അദ്ദേഹം കത്തെഴുതി. അദ്ദേഹം അത് വ്യക്തമായി പറഞ്ഞിരുന്നു, തിരുവനന്തപുരത്തുനിന്നും മംഗലാപുരത്തുനിന്നും ട്രെയിനുകൾ റിസർവുചെയ്തിട്ട് ടിക്കറ്റുകൾ കിട്ടാതെ എല്ലാ ദിവസവും ആളുകൾ ബുദ്ധിമുട്ടുകയാണ്. കേരളത്തിന്റെ ഈ പ്രധാനപ്പെട്ട ആവശ്യം അദ്ദേഹം ഉന്നയിക്കുകയും ഇതുവഴി വണ്ടികൾ ശരിക്കു പോകാൻ കഴിയണമെങ്കിൽ ഡബിൾ ലൈൻ ആക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിലും ചർച്ചയിലും വളരെ വ്യക്തമായി പറഞ്ഞിരുന്നു.

ശ്രീ. എ. കണാരൻ : വടകരനിന്നും നാദാപുരം-കുറ്റ്യാടി വഴി വയനാട്ടിലേക്ക് ഒരു ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച് ഒരു പ്രൊപ്പോസൽ ഉണ്ടായിരുന്നു. (അതുപോലെ പടിഞ്ഞാറൻ റയിൽവേ) കന്യാകുമാരി-കൊച്ചി, കോഴിക്കോട്-കണ്ണൂർ, മംഗലാപുരം വഴിയൊക്കെയുള്ളത് അനവധി കാലമായി പറഞ്ഞുകൊണ്ടിരിക്കുന്ന പ്രശ്നമാണ്. ഈ രണ്ട് കാര്യങ്ങളെപ്പറ്റിയും ഇപ്പോഴുള്ള പൊസിഷൻ എന്താണ്; അതിനാവശ്യമായ നടപടി സ്വീകരിക്കാവുന്ന അവസ്ഥ എത്തിച്ചേർന്നിട്ടുണ്ടോ?

ശ്രീ. സി.കെ. നാണു : രാംവിലാസ് പാസ്വാൻ കേന്ദ്രമന്ത്രിയായിരുന്ന അവസരത്തിൽ വടകര-നഞ്ചൻകോട്-മാംഗ്ലൂർ റെയിൽവേലൈനിനെ സംബന്ധിച്ചുള്ള സർവേ നടത്താൻ വേണ്ടിയുള്ള തീരുമാനമുണ്ടായിരുന്നു. പക്ഷേ അത് പിന്നീട് ഫലപ്രദമായി നടന്നില്ല. ഇപ്പോൾ മുഖ്യമന്ത്രി കേന്ദ്ര റെയിൽവെ മന്ത്രിയുമായി ചർച്ച ചെയ്തതിൽ തലശ്ശേരി-മൈസൂർ റെയിൽവേ ലൈനിന്റെ സർവേ നടത്തി വളരെവേഗം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

ശ്രീ. കെ.എം. മാണി : കൊങ്കൺ റെയിൽവേ രൂപകൽപ്പന ചെയ്തപ്പോൾ കേരളവുംകൂടി അതിന്റെ ബെനിഫിഷറിയായിട്ടാണ് കണക്കാക്കപ്പെട്ടത്. അതുകൊണ്ടാണ് കേരളം 36 കോടി രൂപ കൊങ്കൺ റെയിൽവേ നിർമ്മാണത്തിന് കേന്ദ്ര ഗവൺമെന്റിന് നൽകിയത്. അങ്ങനെയെങ്കിൽ കേരളത്തെ സംബന്ധിച്ചിടത്തോളം മംഗലാപുരം-ഷൊർണ്ണൂർ ലൈൻ ഇരട്ടിപ്പിക്കാത്തതുകൊണ്ട് നമുക്ക് അതിന്റെ പ്രയോജനം കിട്ടുന്നില്ല. അതുകൊണ്ട് ടോപ്പ് പ്രയോറിറ്റിയിൽ ഷൊർണ്ണൂർ-മംഗലാപുരം ലൈൻ ഇരട്ടിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; അതുസംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. സി.കെ. നാണു : റെയിൽവേ ബഡ്ജറ്റ് വന്നതിനുശേഷം അതിന്റെ പണി വളരെ വേഗം തീർക്കുന്നതിനാവശ്യമായ പരിപൂർണ്ണമായ തുക ഉൾക്കൊള്ളിക്കാത്തത് സംബന്ധിച്ച് നമ്മൾ ശക്തമായ പ്രതിഷേധം നടത്തുകയും കേരളത്തിലെ എം.പി.മാർ ഒറ്റക്കെട്ടായി ഈ ആവശ്യമുന്നയിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അടുത്തുതന്നെ കേന്ദ്ര റെയിൽവേ മന്ത്രിയുമായി ബന്ധപ്പെട്ട് ഈ പാതയിരട്ടിപ്പിക്കൽ ഈ വർഷംതന്നെ പൂർത്തീകരിക്കുന്നതിനാവശ്യമായ നിവേദനങ്ങളും അതിനാവശ്യമായ സമ്മർദ്ദങ്ങളും ചെലുത്തുന്നതാണ്.

ശ്രീ. സത്യൻ മൊകേരി : മലബാറിലുള്ള യാത്രക്കാർക്ക് നേരത്തെ പൂന, പുട്ടപ്പർത്തി തുടങ്ങിയ ഭാഗങ്ങളിലേക്ക് നേരിട്ട് റിസർവേഷൻ സൗകര്യമുണ്ടായിരുന്നു. ഇപ്പോൾ കൊങ്കൺ വഴി ട്രെയിനുകൾ ഓടാൻ തുടങ്ങിയതോടുകൂടി ആ സൗകര്യങ്ങൾ ഇല്ലാതായിട്ടുണ്ട്. അതുകൊണ്ട് നേരത്തെ ഉണ്ടായിരുന്ന ആ സൗകര്യങ്ങൾ പുനഃസ്ഥാപിക്കാൻവേണ്ടി കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. സി.കെ. നാണു : കഴിഞ്ഞ വർഷത്തെ റെയിൽവേ ബഡ്ജറ്റിൽ തന്നെ എറണാകുളം-പൂന ട്രെയിൻ കേരളത്തിന് അനുവദിച്ചതാണ്. അത് കിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. ജോൺ ഫെർണാണ്ടസ് കുറച്ചു ദിവസം മുമ്പ് ഒരു സബ്മിഷൻ നൽകിയിരുന്നു. പക്ഷെ ട്രെയിൻ അനുവദിച്ചുവെങ്കിലും, കൊങ്കൺ വഴിയാണ് പൂനയിലേക്ക് പോകാൻ ഉദ്ദേശിച്ചത്. അത് പൂന ടൗണിൽ എത്തിയില്ലയെങ്കിലും പൂനക്ക് അടുത്തുതന്നെ എത്തുന്നതാണ്. ആ രൂപത്തിലുള്ള ഒരു ട്രെയിനാണ് നമ്മൾ ആവശ്യപ്പെട്ടത്. അത് അനുവദിച്ചതാണ്. ബഹുമാനപ്പെട്ട എം.പി.മാർ ഈ വർഷം തന്നെ റെയിൽവെ ബഡ്ജറ്റിൽ വീണ്ടും അത് അനുവദിക്കാത്തതിനെതിരായി ശക്തിയായി പ്രതിഷേധിച്ചു.

ശ്രീ. കെ.സി. ജോസഫ് : ഇവിടെ മന്ത്രിയുടെ ഉത്തരത്തിൽ നിന്നു തന്നെ നവംബർ മാസം മുഖ്യമന്ത്രി റെയിൽവേ മന്ത്രിയെ കണ്ടതാണ്. പിന്നീട് ഫാക്സും കത്തുകളും അയച്ചിട്ടുള്ളതാണ്. എന്നിട്ടും കേരളത്തിന്റെ ആവശ്യങ്ങൾ ഈ ബഡ്ജറ്റിലും അനുവദിച്ചില്ലെന്ന് വ്യക്തമായി തെളിഞ്ഞിരിക്കുകയാണ്. ഇപ്പോഴും വ്യക്തമായിട്ടില്ല. ഇപ്പോൾ പാർലമെന്റിൽ ബഡ്ജറ്റ് അവതരിപ്പിച്ചു, ചർച്ച നടന്നിട്ടില്ല, പാസ്സാക്കിയിട്ടില്ല. ഈ അവസരത്തിലെങ്കിലും ബഡ്ജറ്റ് പാസ്സാക്കാൻ പോകുന്നതിനു മുമ്പായി അങ്ങ് മുൻകൈയെടുത്തുകൊണ്ട് കേരളത്തിലെ 29 എം.പി.മാരേയും കൂട്ടി ഫൈനൽ റിപ്ലൈയ്ക്കു മുമ്പായി കേരളത്തിന്റെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ആ റിപ്ലൈയിലെങ്കിലും എന്തെങ്കിലും നേടിയെടുക്കാനായിട്ട് ശ്രമിക്കുമോ?

ശ്രീ. സി.കെ. നാണു : ഞാൻ അതിനെ രണ്ടു തരത്തിൽ സമീപിക്കുന്നു. ഒന്ന് കേരളത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കുന്ന കാര്യത്തിൽ കേരളത്തിലെ എം.പി.മാരെയുംകൂട്ടി റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയെന്ന നിലയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ചുകൊണ്ട് ആവശ്യമായ സമ്മർദ്ദം ചെലുത്താമെന്ന് ഞാൻ പറയുന്നു. അതേയവസരത്തിൽ മുഖ്യമന്ത്രി റെയിൽവേ മന്ത്രിയുമായി ചർച്ച ചെയ്ത അവസരത്തിൽതന്നെ അദ്ദേഹം കേരളത്തിന്റെ റെയിൽവേ ആവശ്യങ്ങൾ വളരെ വ്യക്തമായി അവരോട് സംസാരിച്ചിരുന്നു. ഒരു സംസ്ഥാന മുഖ്യമന്ത്രിക്ക് കേന്ദ്ര റെയിൽവേ മന്ത്രിയോട് പറയാൻ സാധിക്കുന്ന രൂപത്തിൽ അദ്ദേഹം വിശദമായി ഒരു നിവേദനം നടത്തിയെന്നു മാത്രമല്ല ആവർത്തിച്ചാവർത്തിച്ച് അദ്ദേഹം അത് ഓർമ്മിപ്പിച്ചു. കേരളത്തിലെ എം.പി.മാരുടെ യോഗത്തിൽ കേരള റെയിൽവേയുടെ കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യുകയും അത് കേന്ദ്ര റെയിൽവേ വകുപ്പിന്റെ മുമ്പാകെ സമർപ്പിച്ച് കേരളത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കാൻ ഒറ്റക്കെട്ടായി നിൽക്കണമെന്നു പറയുകയും ചെയ്തു. അതിന് ബഹുമാനപ്പെട്ട സ്പീക്കർ കേരളത്തിലെ എം.പി.മാരെ അനുമോദിച്ച

LIBRARY ARCHIVES Kerala Legislative Assembly

താണ്. കാരണം ഈ എം.പി.മാരെ മുഴുവൻ കേരളത്തിന്റെ ആവശ്യങ്ങൾക്ക് ഒരുമിച്ചു നിർത്താൻ സാധിച്ചു. അതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ നിവേദനങ്ങൾ ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പ്രധാനപ്പെട്ട പങ്ക് വഹിച്ചു. ഏതായാലും ഈ പ്രശ്നം ഗൗരവമായി എടുത്തുകൊണ്ട് ഏതെല്ലാം തരത്തിൽ കേരളത്തിന്റെ റെയിൽവേ ആവശ്യങ്ങൾ നേടിയെടുക്കാൻ സാധിക്കുമെന്ന് പരിശോധിക്കുന്നതാണ്.

ശ്രീ. സി.പി. ബാലൻ വൈദ്യർ : റെയിൽവേ രംഗത്ത് ഏറ്റവും കൂടുതൽ യാത്രക്കാർ ഉള്ളതും ഏറ്റവും കൂടുതൽ വരുമാനം കിട്ടുന്നതും കേരളത്തിൽനിന്നാണ്. പക്ഷെ ഇത്രയും കാലത്തെ നമ്മുടെ അനുഭവം വച്ചു നോക്കുമ്പോൾ റെയിൽവേ കടുത്ത അവഗണനയാണ് കേരളത്തോട് കാണിക്കുന്നത്. നമുക്ക് തരാമെന്നു പറഞ്ഞ കോച്ച് ഫാക്ടറി ഉൾപ്പെടെ മറ്റ് സ്ഥലത്തേക്ക് പോയി. ഇതിന് പ്രധാനപ്പെട്ട കാരണം കേരളത്തിലെ എം.പി.മാരിൽ ഒരു വിഭാഗം കേന്ദ്ര ഗവൺമെന്റ് എന്ത് അവഗണന കാണിച്ചാലും അതിനെതിരായി പ്രതികരിക്കാൻ തയ്യാറാകാത്തതാണ്. അതിന്റെ തെളിവാണ് മുഖ്യമന്ത്രി വിളിച്ച യോഗം. ഒരു വിഭാഗം എം.പി.മാർ ബഹിഷ്ക്കരിച്ചു പോയത്. അതിലിപ്പോൾ ചെറിയ മാറ്റം വന്നിട്ടുണ്ട്. ഇതുപോലുള്ള സമീപനം കേരളത്തിലെ എം.പി.മാർ എടുക്കുന്നത് മാറ്റിനിർത്തിക്കൊണ്ട് കേരളത്തിലെ മുഴുവൻ എം.പി.മാരേയും യോജിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട കേന്ദ്ര റെയിൽവേ മന്ത്രി മമതാ ബാനർജിയെ കണ്ട് ഈ ആവശ്യങ്ങൾ നേടിയെടുക്കാനുള്ള നേതൃത്വപരമായ പങ്ക് .....

മി. സ്പീക്കർ : ഉത്തരം പറഞ്ഞു കഴിഞ്ഞു.

ശ്രീ. ജോണി നെല്ലൂർ : ഇവിടെ നേരത്തേ അനുവാദം ലഭിച്ച, സർവേ നടപടികൾ ആരംഭിച്ച അങ്കമാലി-ശബരി റെയിൽപ്പാതയുടെ സർവേ ഇപ്പോൾ നിർത്തിവച്ചിരിക്കുന്നുവെന്നാണ് മനസ്സിലാക്കുന്നത്. ഇപ്പോൾ അതിന്റെ സർവേ സംബന്ധിച്ച നടപടികൾ എന്തെങ്കിലും നടക്കുന്നുണ്ടോ; ഇതിനാവശ്യമായ സമ്മർദ്ദം കേന്ദ്രഗവൺമെന്റിൽ ചെലുത്തുമോ?

ശ്രീ. സി.കെ. നാണു : അങ്കമാലി-ശബരി റെയിൽപ്പാതയുമായിട്ട് ബന്ധപ്പെട്ട നടപടികൾ നടന്നുകൊണ്ടിരിക്കുന്നുവെന്നാണ് മനസ്സിലാക്കുന്നത്.

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : കേരളത്തിലെ പല ട്രെയിനുകളിലും ലഭിക്കുന്ന സൗകര്യങ്ങൾ വളരെ പരിമിതമാണ്. ഉള്ള ബോഗികൾ തന്നെ പൊട്ടിപ്പൊളിഞ്ഞ് ആകെ നശിച്ചുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം തന്നെ ഇപ്പോൾ തിരുവനന്തപുരത്തുനിന്നും കണ്ണൂരിനു പോകുന്ന എക്സ്പ്രസ്സിൽനിന്നും ഫസ്റ്റ് ക്ലാസ് ബോഗി എടുത്തുമാറ്റിയതായിട്ടാണ് ആരോ പറഞ്ഞുകേട്ടത്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. സി.കെ. നാണു : ഫസ്റ്റ് ക്ലാസ് ബോഗി മാറ്റിയതിന്റെ ബുദ്ധിമുട്ട് മനസ്സിലാക്കി അത് പുനഃസ്ഥാപിക്കണമെന്ന് റെയിൽവേയോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ജി. കാർത്തികേയൻ : അങ്കമാലി-ശബരി റെയിൽവേയുടെ കാര്യം പറഞ്ഞു. ശബരി റെയിൽവേയുമായിട്ട് ബന്ധപ്പെട്ട് പുനലൂർവഴി നെടുമങ്ങാട്-ആര്യനാട്വഴി ഒരു പുതിയ ലൈനിനുവേണ്ടി എം.പി.മാരുടെ ശക്തമായ സമ്മർദ്ദം റെയിൽവേ വകുപ്പിനു മുന്നിൽ അവതരിപ്പിച്ചിട്ടുണ്ട്. അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

യഥാർത്ഥ സ്ഥിതി എന്താണെന്ന് അറിയാമോ; അക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി.കെ. നാണു : ഇപ്പോൾ പുതിയ ലൈൻ എന്നുള്ള നിലയ്ക്ക് കുറ്റിപ്പുറം-ഗുരുവായൂരും അതുപോലെ അങ്കമാലി-ശബരി-കോട്ടയം എരുമേലിയുമായി ബന്ധപ്പെട്ട പുതിയ ലൈനിന്റെ ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രശ്നം പരിശോധിച്ച് ഫലപ്രദമായ രൂപത്തിൽ നിവേദനം നടത്തുന്നതാണ്.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : കൊങ്കൺ റെയിൽവേ വഴി കൂടുതൽ വണ്ടികൾ ഓടിത്തുടങ്ങിയതോടുകൂടി കോഴിക്കോട് മുതൽ മലപ്പുറം മേഖലയിലേക്കു പോകുന്ന റോഡ് ഗതാഗതം നിരന്തരമായിട്ട് കുരുക്കിൽപ്പെട്ടിരിക്കുകയാണ്. മേൽപ്പാലം നിർമ്മിക്കാൻവേണ്ടി കഴിഞ്ഞ പ്രാവശ്യം കേരള ഗവൺമെന്റ് തന്നെയാണ് ചില കാര്യങ്ങൾ ചെയ്യാമെന്ന് പറഞ്ഞ് പ്രത്യേകമായും സമ്മർദ്ദം കേന്ദ്രത്തിൽ ചെലുത്തുകയും ചെയ്യാമെന്ന് വ്യക്തമാക്കിയിട്ടുള്ളതുമാണ്. പക്ഷെ ഇപ്പോഴും ആ കാര്യങ്ങളിൽ കാര്യമായ പുരോഗതിയൊന്നും നേടാൻ നമുക്ക് സാധിച്ചിട്ടില്ല. അതുകൊണ്ട് മേൽപ്പാലം നിർമ്മിക്കാൻവേണ്ടിയുള്ള പ്രവർത്തനത്തിന് മുൻകൈ എടുക്കാൻ നമുക്ക് സാധിക്കുമോ?

ശ്രീ. സി.കെ. നാണു : നമ്മൾ ഉദ്ദേശിച്ചതുപോലെ മേൽപ്പാലത്തിന്റെ പ്രവർത്തനം അംഗീകരിക്കാനുള്ള തീരുമാനമായിട്ടില്ലയെങ്കിലും ഈ ബഡ്ജറ്റോടുകൂടി അതിനാവശ്യമായ നടപടിയുണ്ടാകുമെന്നാണ് മനസ്സിലാക്കുന്നത്.

ശ്രീ. എം.കെ. മുനീർ : റെയിൽവേ സോൺ കേരളത്തിനു വേണമെന്നുള്ള ആവശ്യം വളരെനാളായി നമ്മൾ ഉയർത്തിയിട്ടുള്ളതാണ്. ദക്ഷിണേൻഡ്യയിലെ ഗോവ ഒഴിച്ചാൽ പിന്നെ കേരളത്തിൽ മാത്രമാണ് സോൺ ഇല്ലാത്തത്. ശ്രീ. പാസ്വാൻ റെയിൽവേ മന്ത്രിയായ സമയത്ത് 6 സോണുകൾ അനുവദിച്ചപ്പോഴും കേരളത്തെ പരിഗണിച്ചില്ല. അതിനുശേഷം വന്ന ബി.ജെ.പി. ഗവൺമെന്റ് വീണ്ടും സോൺ അനുവദിച്ചപ്പോഴും കേരളം വന്നിട്ടില്ല. കൂട്ടായി എം.പി.മാർ മന്ത്രിയെ കണ്ടതാണ്. എന്നിട്ടും അത് ലഭ്യമായില്ല. ഇനിയെങ്കിലും ഇത്തരത്തിലുള്ള വിഷയങ്ങളിൽ ശക്തമായ മുന്നേറ്റം, മന്ത്രി നേതൃത്വം എടുത്തുകൊണ്ട് എല്ലാ എം.പി.മാരെയും വിളിച്ചുകൂട്ടി യോഗം സംഘടിപ്പിക്കുവാൻ തയ്യാറാകുമോ?

ശ്രീ. സി.കെ. നാണു : കേരളത്തിലെ റെയിൽവേയെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട അങ്ങ് ചൂണ്ടിക്കാണിച്ചത്. കേരളത്തിനുവേണ്ടി ഈ ബഡ്ജറ്റ് വന്നതിനുശേഷം കേരള എം.പി.മാർ കേന്ദ്ര റെയിൽവേ മന്ത്രിയുമായിട്ട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ ചരിത്രത്തിൽ ആദ്യമെന്നു പറയാം, ഒരു റസിഡന്റ് കമ്മീഷണറെ (ജോയിന്റ് സെക്രട്ടറി റാങ്കിലുള്ളത്) നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ആഫീസും മറ്റ് സൗകര്യങ്ങളും സംസ്ഥാന സർക്കാർ ഉടനെതന്നെ ലഭ്യമാക്കുന്നതാണ്.

## ലോകബാങ്ക് സഹായത്തോടെ സമഗ്ര വനവികസന പദ്ധതി

2 (*362) ശ്രീ. പി.കെ. കുമാരൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എൻ. കണ്ണൻ :

LIBRARY ARCHIVES Kerala Legislative Assembly